**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5546** **01.07.2019-ൽ മറുപടിക്ക്**

## ടൂറിസം മേഖലയിൽ പ്രളയാനന്തരമുള്ള സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പ്രളയത്തിന് ശേഷം സംസ്ഥാനത്തെ ടൂറിസം മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോയെന്നറിയിക്കുമോ; | എ) പ്രളയത്തിനുശേഷം സംസ്ഥാന ടൂറിസം മേഖല സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നു. കഴിഞ്ഞ വർഷം ഓഗസ്റ്റ്-സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ വിനോദസഞ്ചാര മേഖലയെ പ്രളയം ദോഷകരമായി ബാധിച്ചു എന്നത് വസ്തുതയാണ്. മൂന്നാർ, വയനാട് തുടങ്ങിയ മലയോര ടൂറിസം കേന്ദ്രങ്ങളിൽ റോഡ് കണക്റ്റിവിറ്റി പ്രളയത്തെ തുടർന്ന് തകർന്നത് ഈ മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കിയിരുന്നു. എന്നാൽ വകുപ്പിന്റെയും സർക്കാരിന്റെയും ടൂറിസം മേഖലയിൽ ഉണ്ടായ അടിയന്തര ഇടപെടലുകൾ മൂലം പ്രയാസം ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്. മുൻകൂർ ബുക്കിംഗ് പലതും ഒഴിവായത് ഈ രംഗത്തെ ഹോട്ടൽ/ട്രാവൽ ഏജന്റുമാർക്കും മറ്റും പ്രതിസന്ധി ഉണ്ടാക്കിയതായി ഈ രംഗത്തെ ട്രേഡ് പ്രതിനിധികളിൽ നിന്നും മനസ്സിലാക്കുന്നു. എന്നാൽ തുടർന്ന് ഡിസംബർ തൊട്ട് മികച്ച ഒരു ടൂറിസം സീസണാണ് സംസ്ഥാനത്ത് ലഭിച്ചത്. യാദൃശ്ചികമായി ടൂറിസം മേഖല നേരിട്ട പ്രതിസന്ധി ഉടനെ തന്നെ മറികടക്കാനായി എന്നതും വസ്തുതയാണ്. കൂടാതെ, പ്രളയം സംഭവിച്ച 2018 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെയുള്ള സ്ഥിതി വിവരക്കണക്ക് പരിശോധിക്കുമ്പോൾ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ |

| | | | |
|---|---|---|---|
| | | | മാസം മാത്രമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. എന്നാൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതൽ തുടർച്ചയായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ബി) | 2018 ൽ വിനോദസഞ്ചാര മേഖലയിലെ വരുമാനത്തിൽ ഇടിവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | 2018-ൽ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിൽ കുറവ് ഉണ്ടായിട്ടില്ല. 2017 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്ത് ലഭിച്ച ആകെ വരുമാനത്തിൽ 8.61 ശതമാനത്തിന്റെ വർദ്ധനവും വിദേശനാണ്യ വരുമാനത്തിൽ 4.44 ശതമാനത്തിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. 2018 വർഷം 36258.01 കോടി രൂപ ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചതായാണ് കണക്ക് കൂട്ടിയിട്ടുള്ളത്. ഇതിൽ 2018 വർഷത്തെ വിദേശ നാണ്യ വരുമാനം 8764.46 കോടി രൂപയാണ്. |
| സി) | വിനോദസഞ്ചാര മേഖലയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന കരകൗശല വ്യവസായം മുതൽ ഹൗസ് ബോട്ട് വരെയുള്ള മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) യും ഡി) യും | വിനോദസഞ്ചാര മേഖലയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന കരകൗശല വ്യവസായം മുതൽ ഹൗസ് ബോട്ട് വരെയുള്ള മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | എങ്കിൽ ഈ മേഖലയെ രക്ഷിക്കുന്നതിന് സർക്കാർ എന്ത് ഇടപെടലാണ് നടത്തുന്നത്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ